"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ചെറുതാഴം ഗ്രാമപഞ്ചായത്തിൽ നിലവിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് പുറമേ പുതിയ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും, തസ്തിക ഇല്ലാതെ ശ്രീമതി.ഗീത.എൻ.വി യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമിച്ച നടപടി സാധൂകരിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1284/2022/LSGD തീയതി,തിരുവനന്തപുരം, 24-05-2022

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 06.03.2019, 23.03.2020, 14.09.2021 തീയതികളിലെ PAN/26960/2018-E9(DP)നം. കത്തുകൾ

ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരത്തിൽ 15.06.1993 മുതൽ 30.06.2008 വരെ ആയയായും 01.07.2008 മുതൽ 2 വർഷം ടീച്ചറായും ജോലി ചെയ്തുവരികയായിരുന്ന ശ്രീമതി. ഗീത എൻ. വി എന്നയാളെ സർക്കാരിന്റെ 02.08.2014 ലെ സ.ഉ(എം.എസ്) നം 140/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചെറുതാഴം ശിശുമന്ദിരത്തിലെ നഴ്സറി ടീച്ചറായി സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. ടിയാൾക്ക് സ്ഥിരനിയമനം ലഭിക്കുമ്പോഴേക്കും ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരം സാമൂഹ്യ ക്ഷേമവകുപ്പ് ഏറ്റെടുത്ത് അംഗൻവാടിയാക്കുകയും പ്രസ്തുത തസ്തിക ഇല്ലാതാവുകയും ചെയ്തിരുന്നു. പഞ്ചായത്ത് ഓഫീസും അനുബന്ധ ഓഫീസുകളും ശുചിയായി സൂക്ഷിക്കുന്നതിന് നിലവിലെ സംവിധാനം അപര്യാപതമായ സാഹചര്യത്തിലും പഞ്ചായത്തിന്റെ ഉത്തമ ബോധ്യത്തിൽ അനിവാര്യമായത് എന്ന നിലയിലും, ടി തസ്തികയിൽ ജോലിചെയ്യുന്നതിന് ടിയാൾ സമ്മതം അറിയിച്ചതിന്റെയും അടിസ്ഥാനത്തിൽ, ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 22.04.2014 ലെ 132/14 നമ്പർ തീരുമാനപ്രകാരം ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിക്കുകയും 23.09.2014 മുതൽ ടിയാൾ ടി തസ്തികയിൽ ജോലി ചെയ്തു വരികയുമാണ്. തസ്തികയില്ലാതിരുന്നിട്ടും ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമിച്ചതിൽ സാധൂകരണം ലഭ്യമാക്കുന്നതിനും നിലവിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് പുറമേ പുതിയ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ഗീത നീലിയൻവീട്ടിലിനെ സ്ഥിരപ്പെടുത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി 06.09.2018 ലെ 147/2018 നമ്പരായി തീരുമാനം കൈക്കൊള്ളുകയും ടിയാളുടെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സാധൂകരണം ലഭിക്കുന്നതിനുമായി അപേക്ഷിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരം സാമൂഹ്യ ക്ഷേമവകുപ്പ് ഏറ്റെടുത്ത് അംഗൻവാടിയാക്കുകയും ശിശുമന്ദിരം ടീച്ചർ തസ്തിക ഇല്ലാതാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ തുടർ സേവനം സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും പരാമർശം പ്രകാരം പഞ്ചായത്ത്

ഡയറക്ടർ അപേക്ഷിച്ചു.

2. 02.08.2014 ലെ സ.ഉ(എം.എസ്) 140/2014/തസ്വഭവ ഉത്തരവ് പ്രകാരം ശ്രീമതി.ഗീത.എൻ.വി യെ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി (നഴ്സറി ടീച്ചർ) 03.05.2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ശിശുമന്ദിരം ടീച്ചർ തസ്തിക ഇല്ലാതാവുകയും ശിശുമന്ദിരം സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്ത് അംഗൻവാടിയാക്കുകയും ചെയ്തതിനെ തുടർന്ന് ശ്രീമതി.ഗീത.എൻ.വി ടി പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്ത് വരുന്നു. പഞ്ചായത്ത് ഓഫീസും അനുബന്ധ ഓഫീസും ശുചിയായി സൂക്ഷിക്കുന്നതിന് നിലവിലെ സംവിധാനം അപര്യാപ്തമായതിനാലും ടിയാളുടെ സമ്മതപ്രകാരവുമാണ് അപ്രകാരം ചെയ്തിട്ടുള്ളത്. ചെറുതാഴം ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലുള്ളതായും അതിൽ മറ്റൊരാൾ ജോലി ചെയ്ത് വരുന്നുവെന്നും ഓഫീസിന്റെ സ്വീപ്പിംങ് ഏര്യ 995.88 ച.മീ ആണെന്നും സ്ഥിരം തസ്തികയിൽ ജോലി ചെയ്ത് വരുന്നയാൾക്ക് പുറമെയാണ് ശ്രീമതി. ഗീതയെ നിയമിച്ചിട്ടുള്ളതെന്നും ചെറുതാഴം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും 25.11.2005 ലെ സ.ഉ(പി) 501/2005/ധന ഉത്തരവ് പ്രകാരം 900 ച.മീ ന് മുകളിൽ സ്വീപ്പിംങ് ഏര്യയ്ക്ക് 2 പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുകയും സ്വീപ്പിംങ് ഏര്യ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തു. ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരം 15/08/2011 മുതൽ സാമൂഹ്യക്ഷേമവകുപ്പ് ഏറ്റെടുത്ത് അംഗൻവാടിയാക്കി ഉത്തരവിറക്കി. പ്രസ്തുത കാലയളവിൽ ശ്രീമതി. ഗീത ടി ശിശുമന്ദിരത്തിലെ ടീച്ചർ തസ്തികയിൽ തുടരുന്നുണ്ടായിരുന്നു. പഞ്ചായത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും സ്വീപ്പിംഗ് ഏരിയ അനുസരിച്ച് നിലവിലുള്ള ഒരു പാർട്ട് ടൈം സ്വീപ്പർക്ക് ഒറ്റയ്ക്ക് നിർവഹിക്കാനുള്ളതിൽ കൂടുതൽ ജോലി സാഹചര്യം ഉള്ളതിനാലും ശിശുമന്ദിരം ഇല്ലാതായ സാഹചര്യത്തിൽ ശ്രീമതി.ഗീത.എൻ.വി എന്നവരെ ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ ആസ്പദമാക്കിയുമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ചിട്ടുള്ളതെന്നും ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശയിൽ ശ്രീമതി. ഗീത.എൻ.വി യെ പാർട്ട് ടൈം ആനുകൂല്യത്തിന് അർഹയാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടത്തിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 06/08/2010-ലെ സ.ഉ (എം.എസ്) നം. 170/10/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാരിന്റെ 02.08.2014-ലെ സ.ഉ (എം.എസ്) നം. 140/2014/ത.സ്വ ഭ.വ നമ്പർ ഉത്തരവ് പ്രകാരം ചെറുതാഴം ശിശുമന്ദിരത്തിലെ നഴ്സറി ടീച്ചറായി ശ്രീമതി. ഗീത. എൻ. വിയെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും, ടി ഉത്തരവിലെ സീരിയൽ നം. 20 പ്രകാരം കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരത്തിൽ ടീച്ചറായി ശ്രീമതി. ഗീതയെ നിയമിച്ചിരുന്നിട്ടും ടിയാൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാതെ പോയ സാഹചര്യം പരിഗണിച്ചും പഞ്ചായത്ത് ഓഫീസും അനുബന്ധ ഓഫീസുകളും ശുചിയായി സൂക്ഷിക്കുന്നതിന് നിലവിലെ സംവിധാനം അപര്യാപ്തമായ സാഹചര്യത്തിൽ ടി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലിചെയ്യുന്നതിന് ടിയാൾ സമ്മതം അറിയിച്ചതിന്റെയും അടിസ്ഥാനത്തിൽ, ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 22.04.2014-ലെ 132/14 നമ്പർ തീരുമാന പ്രകാരം ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമിച്ചത് കണക്കിലെടുത്തും 23.09.2014 മുതൽ ടിയാൾ ടി തസ്തികയിൽ ജോലി ചെയ്ത

വരുന്നതും ടി നടപടിക്ക് സാധൂകരണം ലഭ്യമാക്കുന്നതിനും നിലവിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് പുറമേ പുതിയ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി. ഗീത. എൻ.വി യെ സ്ഥിരപ്പെടുത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി 06.09.2018-ലെ 147/2018 നമ്പരായി തീരുമാനം കൈക്കൊണ്ട് ടിയാളുടെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സാധൂകരണം ലഭിക്കുന്നതിനുമായി അപേക്ഷിക്കുകയും ചെയ്തത് പരിഗണിച്ചും താഴെത്തട്ടിൽ കിടക്കുന്ന നാമമാത്രമായ വേതനം ലഭിക്കുന്ന ഇത്തരം ജീവനക്കാരുടെ പ്രശ്നം പരിഹരിക്കുമ്പോൾ നമ്മൾ കുറച്ചുകൂടി വൈകാരിക സമീപനം കൈക്കൊള്ളേണ്ടതാണെന്ന ബഹു. മനുഷ്യാവകാശ കമ്മീഷന്റെ അഭിപ്രായം പരിഗണിച്ചും ചെറുതാഴം ഗ്രാമപഞ്ചായത്തിൽ നിലവിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് പുറമേ പുതിയ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും, തസ്തിക ഇല്ലാതെ ടിയാളെ 23.09.2014 തീയതി മുതൽ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമിച്ചത് മാപ്പാക്കി നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ടി നടപടി സാധൂകരിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി. ഗീത.എൻ.വി, പാർട്ട് ടൈം സ്വീപ്പർ, ചെറുതാഴം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല

(സെക്രട്ടറി, ചെറുതാഴം ഗ്രാമപഞ്ചായത്ത് മുഖേന).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല

സെക്രട്ടറി, ചെറുതാഴം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/39/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 24-05-2022 14:29:01

സെക്ഷൻ ഓഫീസർ